LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ബേക്കൽ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട എയർസ്ട്രിപ്പ് നിർമ്മിക്കുന്നതിന് പ്രാഥമികാനുമതി നൽകിയിട്ടുണ്ട്. പുല്ലൂർ പെരിയ പഞ്ചായത്തിലെ കനിയംകുണ്ട് എന്ന സ്ഥലത്ത് ഒരു എയർസ്ട്രിപ്പ് സ്ഥാപിക്കുന്നതിന് 14-2-2011-ലെ ജി.ഒ. (എംഎസ്.) നമ്പർ 50/2011/ടൂറിസം പ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

(സി) പ്രാഥമികാനുമതി ലഭിച്ചശേഷം സർക്കാർ സ്ഥലം കൈമാറ്റത്തിന് അപേക്ഷ നൽകുകയും സ്വകാര്യ സ്ഥലം അക്വയർ ചെയ്യാനും മറ്റ് പ്രാരംഭ പ്രവർത്തനങ്ങൾക്കുമായി പെരിയയിൽ ഒരു പ്രോജക്ട് ഓഫീസ് ആരംഭിക്കുകയും ചെയ്തു. സാധ്യതാ പഠനം നടത്താനായി കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് (സിയാൽ)-നെ നവംബർ 2012-ന് നിയോഗിക്കുകയും 2013-ന് ഡിസംബറിൽ ടെക്നോ ഇക്കണോമിക്സ് ഫീസിബിലിറ്റി റിപ്പോർട്ട് (TEFR) സമർപ്പിക്കുകയും ചെയ്തു.

(ഡി) എയർസ്ട്രിപ്പ് സ്ഥാപിക്കുന്നതിനായി പെരിയ പഞ്ചായത്തിലെ കനിയംകുണ്ട് എന്ന സ്ഥലത്ത് 80.41 ഏക്കർ സ്ഥലം കണ്ടെത്തുകയും ഇതിൽ 28.76 ഏക്കർ റവന്യൂ ഭൂമിയുടെ കൈമാറ്റത്തിനായി അപേക്ഷ നൽകിയിട്ടുമുണ്ട്.

(ഇ) 51.68 ഏക്കർ സ്വകാര്യ ഭൂമിയാണ് ഏറ്റെടുക്കേണ്ടി വരുന്നത്. തുക നീക്കി വച്ചിട്ടില്ല. സ്വകാര്യ സ്ഥലം അക്വയർ ചെയ്യുവാനും മറ്റ് പ്രാരംഭ പ്രവർത്തനങ്ങൾക്കുമായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വാമനപുരം നിയോജക മണ്ഡലത്തിലെ ടൂറിസ്റ്റ് കേന്ദ്രങ്ങൾ

331 (1039) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാമനപുരം നിയോജക മണ്ഡലത്തിൽ എത്ര ടൂറിസ്റ്റ് കേന്ദ്രങ്ങളുണ്ടെന്നും അവ ഏതെല്ലാമാണെന്നും അറിയിക്കുമോ ;

(ബി) ഇവയുടെ വികസനത്തിനായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) വാമനപുരം നിയോജക മണ്ഡലത്തിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രം പൊന്മുടിയാണ്. കൂടാതെ ടൂറിസ്റ്റുകൾക്കായി കീഴായിക്കോണത്ത് ഒരു വേസൈഡ് ടൂറിസ്റ്റ് അമിനിറ്റി സെന്റർ നിർമ്മിക്കുന്നതിന് 136 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

പൊൻമുടി ടൂറിസ്റ്റ് കേന്ദ്രത്തിലെ വികസന പ്രവർത്തനങ്ങൾ

332 (1040) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊൻമുടി ടൂറിസ്റ്റ് കേന്ദ്രത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്നും അവയ്ക്ക് ചെലവാക്കിയ തുക എത്രയാണെന്നും അറിയിക്കുമോ ;

(ബി) ടൂറിസ്റ്റുകൾക്ക് പൊന്മുടിയിൽ നിലവിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(സി) പൊൻമുടിയിലേക്ക് വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനും ടൂറിസം വികസനത്തിനും വേണ്ടി എന്തെങ്കിലും നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ആലോചിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊൻമുടി ടൂറിസ്റ്റ് കേന്ദ്രത്തിൽ നിലവിലുള്ള സർക്കാർ അതിഥി മന്ദിരം നവീകരിക്കുന്നതിനായി 14-8-2014-ൽ 44 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി മുഴുവൻ തുകയും ഡെപ്പോസിറ്റ് ചെയ്തിട്ടുമുണ്ട്. കൂടാതെ പൊൻമുടി ഗസ്റ്റ്ഹൗസിൽ പുതിയ ബ്ലോക്ക് നിർമ്മിക്കുന്നതിന് 3 കോടി 77 ലക്ഷം രൂപയുടെ ഭരണാനുമതി 29-3-2012-ൽ നൽകിയിട്ടുണ്ട്. ആയതിന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പൊൻമുടി ടൂറിസ്റ്റ് കേന്ദ്രത്തിൽ 90 ലക്ഷം രൂപ ചെലവിൽ അമിനിറ്റി സെന്ററിന്റെയും ചിൽഡ്രൻസ് പാർക്കിന്റെയും പ്രവൃത്തികൾ പൂർത്തീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly